بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 29.07.2022

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.*

## ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 28

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ ۝ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝
اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ۝ اَلرَّحۡمٰنِ الرَّحِیۡمِ ۝ مٰلِکِ یَوۡمِ الدِّیۡنِ ۝ اِیَّاکَ
نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ۝ اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ۝ صِرَاطَ الَّذِیۡنَ اَنۡعَمۡتَ
عَلَیۡہِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَلَا الضَّآلِّیۡنَ ۝

ഹദ്റത്ത് അബൂബക്കർ(റ)ന്റെ കാലഘട്ടത്തിൽ ഉണ്ടായ സൈനിക നീക്കങ്ങളെ കുറിച്ചാണ് പരാമർശിച്ചിരുന്നത്. യുദ്ധങ്ങളെ സംബന്ധിച്ച ഇന്ന് വിവരിക്കുന്ന ബാക്കി ഭാഗം, ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ)ന്റെ നേതൃത്വത്തിൽ ഹീറ, അൻബാർ, ഐനുത്തമർ, ദൂമത്തുൽ ജൻദൽ, ഹസീദ് ഖനാഫസ്, മുസയ്യിഖ്, സനാ, സുമീൽ, റിസാബ്, ഫിറാസ് എന്നിവിടങ്ങളിൽ നടന്ന യുദ്ധങ്ങളാണ്. ഈ വിഷയം ഇന്ന് പൂർത്തിയാകുന്നതാണ്.

ഹീറയുടെ വിജയത്തെ പരാമർശിച്ചുകൊണ്ട് പറയുന്നു: ഈ വിജയം വലിയ യുദ്ധ പ്രാധാന്യമുള്ളതാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. മുസ്‌ലിംകളുടെ ദൃഷ്ടിയിൽ ഇതിലൂടെ പേർഷ്യയുടെ വിജയത്തിന്റെ പ്രതീക്ഷ വർധിപ്പിച്ചു. കാരണം ഈ നഗരത്തിന് ഇറാഖിനും പേർഷ്യൻ സാമ്രാജ്യത്തിനും ഭൂമിശാസ്ത്രപരവും സാഹിത്യപരവുമായ പ്രാധാന്യമുണ്ട്. ഇസ്‌ലാമിക സൈന്യധിപൻ ഹീറയെ തങ്ങളുടെ ആസ്ഥാനമായി പ്രഖ്യാപിച്ചു. അവിടെ നിന്ന് ഇസ്‌ലാമിക സേനകൾക്ക് പ്രതിരോധത്തിനും സഹായങ്ങൾക്കുമുള്ള ഉത്തരവുകൾ നൽകിയിരുന്നു. ബന്ധനസ്ഥരുടെ കാര്യങ്ങളുമായി ബന്ധപ്പെട്ട വ്യവസ്ഥകളും നടപടികളും എടുക്കുന്ന കേന്ദ്രവുമായിരുന്നു അത്. ശത്രുക്കളിൽ നിന്ന് അവരെ സംരക്ഷിക്കുന്നതിനായി അവിടെ നിന്ന് കപ്പവും ജിസിയയും ശേഖരിക്കാൻ ഹദ്റത്ത് ഖാലിദ് വിവിധ പ്രവിശ്യകളിൽ ഉദ്യോഗസ്ഥരെയും അതിർത്തികളിൽ അമീർമാരെയും നിയമിക്കുകയുണ്ടായി.

പേർഷ്യൻ ഗവൺമെന്റിന്റെ അവസാനത്തോടെ ഇറാഖിലെ അന്തരീക്ഷം സുസ്ഥിരമാകുകയും പിന്നിൽ നിന്ന് ഭീഷണി ഉണ്ടാകാതിരിക്കുകയും ചെയ്തപ്പോൾ ഹദ്റത്ത് ഖാലിദ് ഇറാനെ നേരിട്ട് ആക്രമിക്കാൻ തീരുമാനിച്ചു. ഇതേ സമയം ഇറാൻ ഭരണകൂടം കലാപത്തിന് ഇരയായ അവസരം മുതലെടുത്ത് ഹദ്റത്ത് ഖാലിദ് അവരുടെ രാജാക്കന്മാർക്കും അമീറുമാർക്കും പ്രധാനപ്പെട്ട ആളുകൾക്കും കത്തയച്ചു; നിങ്ങൾ ഒന്നുകിൽ ഇസ്‌ലാം സ്വീകരിച്ച് സുരക്ഷിതരായിരിക്കുക, അല്ലെങ്കിൽ ജിസ്‌യ നൽകുക നിങ്ങളുടെ സംരക്ഷണത്തിന് ഞങ്ങൾ ഉത്തരവാദികളായിരിക്കും. അല്ലായെങ്കിൽ ഞാൻ നിങ്ങളുടെ അടുത്തേക്ക് കൊണ്ടുവരുന്ന സൈന്യം നിങ്ങൾ മദ്യപാനത്തെ ഇഷ്ടപ്പെടുന്നതുപോലെ അവർ മരണത്തെ ആഗ്രഹിക്കുന്നവരാണ്. ഇറാഖ് കീഴടക്കാനും അതിനെ ഇസ്‌ലാമിക സാമ്രാജ്യത്തിന് കീഴിലാക്കാനുമുള്ള ഹദ്റത്ത് അബൂബക്കർ(റ)ന്റെ അഭിലാഷത്തിന്റെ ഒരു ഭാഗം ഹീറ കീഴടക്കലിലൂടെ പൂർത്തീകരിച്ചു. ഇത് ഇറാനെ നേരിട്ട് ആക്രമിക്കുന്നതിന് ഉള്ള തുടക്കമായിരുന്നു.

അൻബാർ യുദ്ധത്തിൽ അല്ലെങ്കിൽ ദാത്തുൽ ഉയൂൻ (കണ്ണുകളുടെ) യുദ്ധത്തിൽ ശത്രുക്കൾ പിന്മാറിയതും കോട്ട അടച്ചതും അൻബാറിന്റെ ഭരണാധികാരി ശീറാസാദ് സമാധാനത്തിനായി ഹദ്റത്ത് ഖാലിദ് ബിൻ വലീദിനോട് അഭ്യർത്ഥന നടത്തിയതിന്റേയും പശ്ചാത്തലത്തിൽ ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യം, ചരിത്രകാരന്മാരും ജീവചരിത്രകാരന്മാരും ഹദ്റത്ത് ഖാലിദിനെ പറ്റി അദ്ദേഹം അക്രമത്തിന്റെ പാത അവലംബിച്ചുവെന്നും കൊലകൾ നടത്തിയെന്നും ആരോപിക്കുന്നു.

ശക്തമായ യുദ്ധം നടത്തിയിട്ട് സമാധാന കരാർ സ്വീകരിക്കാൻ തയ്യാറാകാതെ ഇരുന്നിട്ടും ശത്രുക്കൾ പരാജിതരായിട്ടും അവർ അവിടെ നിന്ന് പോകാൻ അനുവാദം തേടുമ്പോൾ മൂന്ന് ദിവസത്തെ സാധനങ്ങൾ അവരോടൊപ്പം കൊണ്ടുപോകാൻ അവരെ അനുവദിച്ചു. യതൊരുവിധ അസ്വസ്ഥതയും പ്രകടിപ്പിച്ചില്ല. അദ്ദേഹം അക്രമം ചെയ്തുവെന്നത് അദ്ദേഹത്തിനുമേലുള്ള വെറും ആരോപണമാണെന്ന് ഇത് തെളിയിക്കുന്നു.

ഐനുത്തമർ യുദ്ധത്തെക്കുറിച്ചും അതിന്റെ കോട്ട ഉപരോധിച്ചതിനെക്കുറിച്ചും അതിന്റെ സാധനങ്ങൾ സമരാർജിത സ്വത്തായി എടുത്തതിനെക്കുറിച്ചും വിശദീകരിച്ചുകൊണ്ട് ഹുസൂർ അൻവർ പറഞ്ഞു: ഹദ് റത്ത് ഖാലിദ് ബിൻ വലീദ് അവരുടെ ചർച്ചുകളിൽ ബന്ദികളാക്കി പിടികൂടിയ അറബി വംശജരായിരുന്ന നാല്പത് ആൺകുട്ടികളെ കണ്ടെത്തി.

ഇത് ഇസ്‌ലാമിക ചരിത്രത്തിൽ പ്രധാന്യമുള്ളതാണ്. കാരണം, ഈ കാലഘട്ടത്തിന്റെയും പിന്നീടുള്ള കാല ഘട്ടങ്ങളുടെയും ചരിത്രത്തിൽ മായാത്ത മുദ്ര പതിപ്പിച്ച മഹാന്മാർ ജനിച്ചത് ഇവരുടെ പിൻഗാമികളിൽ നിന്നായിരുന്നു. ഈ ആൺകുട്ടികളിൽ മുഹമ്മദ് ബിൻ സിറീന്റെ പിതാവ് സിറീൻ, മൂസ ബിൻ നുസൈറിന്റെ പിതാവ് നുസൈർ, ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ സ്വതന്ത്രനാക്കിയ അടിമ ഹുംറാൻ എന്നിവരും ഉൾപ്പെടുന്നു. ഇറാഖിൽ താമസിച്ചിരുന്ന വലിയ പൊങ്ങച്ചക്കാരനായിരുന്ന സിറീൻ, ഐനുത്തമർ യുദ്ധത്തിൽ പിടിക്കപ്പെടുകയും ഹദ്റത്ത് അനസ് ബിൻ മാലിക്കിന്റെ അടിമയാകുകയും (തുടർന്ന്) അദ്ദേഹവുമായി കത്തിടപാടുകൾ നടത്തി സ്വാതന്ത്ര്യം നേടുകയും ചെയ്തു. പ്രസിദ്ധ താബി ആയിരുന്ന അദ്ദേഹത്തിന്റെ മകൻ മുഹമ്മദ് ബിൻ സിറീൻ, തഫ്സീർ, ഹദീസ്, ഫിഖ്ഹ്, സ്വപ്ന വ്യാഖ്യാനം എന്നീ മേഖലകളിൽ ഇമാം ആയിരുന്നു. ബനൂ ഉമയ്യയുടെ തടവുകാരിൽ നിന്നും ചിലരാൽ മോചിപ്പിക്കപ്പെട്ട മൂസാ ഇബ്നു നുസൈറിന്റെ പിതാവ് നുസൈർ, അദ്ദേഹത്തിന്റെ മകൻ മൂസയുടെ പേരിൽ പ്രശസ്തനാണ്. മൂസ ബിൻ നുസൈർ വടക്കൻ ആഫ്രിക്കയിൽ പ്രശസ്തി നേടി, താരിഖ് ബിൻ സിയാദിനൊപ്പം സ്പെയിനിൽ ഇസ്‌ലാമിക ഭരണം സ്ഥാപിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചു. ജൂതന്മാരിൽ ഹുംറാൻ ബിൻ അബാനും ഐനുത്തംറിന്റെ തടവുകാരിൽ ഉൾപ്പെടുന്നു. അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചിരുന്നു. ഹദ്റത്ത് ഉസ്മാൻ അദ്ദേഹത്തെ മോചിപ്പിക്കുകയും ഉറ്റ സുഹൃത്തുക്കളിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഹിജ്റ 41 ൽ കുറച്ചുകാലം ബസ്വറയുടെ ഭരണാധികാരിയായി. പിന്നീട് അദ്ദേഹം ബനൂഉമയ്യയുടെ ഭരണത്തിൽ വലിയ പേരുണ്ടാക്കുകയും ചെയ്തു.

ദൂമത്തുൽ ജൻദൽ യുദ്ധത്തിൽ ഉഖൈദറിനെ തടവിലാക്കി വധിക്കാൻ കാരണം വിവരിച്ചുകൊണ്ട് ഹുസൂർ അൻവർ പറഞ്ഞു: ഉഖൈദറിനെ പിടികൂടിയ ശേഷം എന്തിനാണ് കൊന്നതെന്ന ചോദ്യം ഉയർന്നുവരുന്നു. അതിന്റെ കാരണം, ഹദ്റത്ത് ഖാലിദിനെ തബൂക്ക് യുദ്ധത്തിന്റെ അവസരത്തിൽ റസൂൽ കരീം(സ) ഉഖൈദറിന്റെ അടുക്കലേക്ക് അയച്ചിരുന്നു. അയാളെ തടവിലാക്കി, അല്ലാഹുവിന്റെ റസൂൽ(സ)ന്റെ സമക്ഷത്തിലേക്ക് കൊണ്ടുവന്നു. അല്ലാഹുവിന്റെ റസൂൽ(സ) അദ്ദേഹത്തെ ഔദാര്യപൂർവം മോചിപ്പിക്കുകയും അദ്ദേഹവുമായി ഒരു ഉടമ്പടി എഴുതുകയും ചെയ്തിരുന്നു. എന്നാൽ അയാൾ അനുസരണക്കേട് കാണിക്കുകയും മദീന ഭരണകൂടത്തിനെതിരെ കലാപമുണ്ടാക്കുകയും ചെയ്തു. അതിനാൽ, ഹദ്റത്ത് ഖാലിദ് അവനെ ബന്ധനസ്ഥനാക്കാൻ ആസിം ബിൻ അംറിനെ അയച്ചു. അദ്ദേഹം അയാളെ തടവിലക്കുകയും ചെയ്തു. അയാളുടെ മുൻവഞ്ചന കാരണം, ഹദ്റത്ത് ഖാലിദ് അവനെ കൊല്ലാൻ ഉത്തരവിട്ടു. അങ്ങനെ, അല്ലാഹു അയാളുടെ വഞ്ചനയും ചതിയും കാരണം അയാളെ നശിപ്പിച്ചു.

തുടർന്ന് ഹസീദ് ഖനാഫസ് യുദ്ധങ്ങളുടെ പരാമർശമാണ്. ഹസീദിൽ ഘോരമായ യുദ്ധം നടന്നു. ധാരാളം അനറബികളെ അല്ലാഹു കൊന്നൊടുക്കി. ഈ യുദ്ധത്തിൽ മുസ്‌ലിംകളുടെ കൈകളിലേക്ക് ധാരാളം ഗനീമത്ത് മുതലുകൾ വന്നു. ഖനാഫസ് യുദ്ധത്തെക്കുറിച്ച് എഴുതിയിരിക്കുന്നത്, ഖനാഫസ് വിജയത്തിന് ഇസ്‌ലാമിക സൈന്യത്തിന് ഒരു പ്രയാസവും ഉണ്ടായിട്ടില്ല എന്നാണ്.

മുസയ്യിഖ് യുദ്ധത്തെ പരാമർശിച്ച്കൊണ്ട് ഹുസൂർ അൻവർ പറഞ്ഞു: ഈ യുദ്ധത്തിൽ മുസയ്യിഖിൽ താമസിക്കുകയും ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) നൽകിയ സംരക്ഷണപത്രം ഉള്ളവരുമായ രണ്ട് മുസ്‌ലിംകളെ ഇസ്‌ലാമിക സൈനികർ വധിച്ചു. അവർ കൊല്ലപ്പെട്ട വിവരം അറിഞ്ഞപ്പോൾ ഹദ്റത്ത് അബൂബക്കർ അവരുടെ ബ്ലഡ്മണി നൽകി. ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ പ്രവൃത്തിക്ക് ശിക്ഷിക്കപ്പെടണമെന്ന് ഹദ്റത്ത് ഉമർ നിർബന്ധം പിടിച്ചു. എന്നാൽ ശത്രുവിന്റെ നാട്ടിൽ ശത്രുക്കളോടൊപ്പം കഴിയുന്ന മുസ്‌ലിംകൾക്ക് ഇത്തരമൊരു സാഹചര്യം ഉണ്ടാകുന്നത് വലിയ കാര്യമൊന്നുമല്ല എന്ന് ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞു. അവരുടെ കുട്ടികളെ പരിപാലിക്കാനും സംരക്ഷണത്തിനുമുള്ള വസിയ്യത്ത് ചെയ്യുകയുണ്ടായി.

സനാ സുമീൽ യുദ്ധങ്ങളിലെ സംഭവങ്ങൾ വിവരിച്ച ശേഷം ഹുസൂർ അൻവർ പറഞ്ഞു: ഹദ്റത്ത് ഖാലിദ് ബിൻ വലീദ് റിസാബിനെ അധീനതയിലാക്കിയ ശേഷം ഫിറാസിലെത്തി. ഈ യാത്രയിൽ അദ്ദേഹത്തിന് നിരവധി യുദ്ധങ്ങളെ നേരിടേണ്ടിവന്നു. അദ്ദേഹത്തിന് ആ അവസരത്തിൽ റമദാൻ നോമ്പ് പോലും പിടിക്കാൻ കഴിഞ്ഞിരുന്നില്ല. ഹദ്റത്ത് ഖാലിദിന്റെ മിന്നലാക്രമണത്തേയും ഗോത്രങ്ങളുടെ നിസ്സഹായതയേയും പറ്റിയുള്ള വാർത്തകൾ ഇറാഖിലുടനീളം പരന്നു. മണലാരണ്യങ്ങളിൽ വസിക്കുന്ന ഗോത്രങ്ങൾ പരിഭ്രാന്തരായി. അവർ മുസ്‌ലിംകൾക്ക് കീഴടങ്ങുകയും അവരോടുള്ള അനുസരണം അംഗീകരിക്കുകയും ചെയ്യുന്നതാണ് തങ്ങൾക്ക് നല്ലതെന്ന് മനസ്സിലാക്കി. അയാസ് ബിൻ ഗനമിനെ ഭാഗ്യം തുണക്കുകയും അദ്ദേഹം ആദ്യം മുതൽ ദൂമത്തുൽ ജന്ദൽ പ്രദേശം കീഴടക്കിയിരുന്നെങ്കിൽ, ഖാലിദ് മിക്കവാറും ഫിറാസിൽ എത്തുമായിരുന്നില്ല. കാരണം ഹദ്റത്ത് അബൂബക്കർ(റ) ഇറാഖും സിറിയയും മുഴുവനായി കീഴടക്കാൻ ഉദ്ദേശിച്ചിരുന്നില്ല. അറേബ്യയുമായി ചേരുന്ന ഈ രണ്ട് രാജ്യങ്ങളുടെയും അതിർത്തിയിൽ സമാധാനം സ്ഥാപിക്കണമെന്നും ഇറാനികൾക്കും റോമക്കാർക്കും അറേബ്യയെ ആക്രമിക്കാൻ കഴിയാതാവുകയും ചെയ്യണമെന്നേ അദ്ദേഹം ഉദ്ദേശിച്ചിരുന്നുള്ളൂ. എന്നാൽ ഈ രണ്ട് രാജ്യങ്ങളും പൂർണമായും മുസ്‌ലിംകളുടെ നിയന്ത്രണത്തിലാകണമെന്നതായിരുന്നു

ദൈവഹിതം. അല്ലാഹു അതിനുള്ള സാഹചര്യം ഒരുക്കി. ഖാലിദ് ഇറാഖിലെ ഗോത്രങ്ങളെ കീഴടക്കുന്നതിന് വടക്ക് ഭാഗത്തെ ഉൾപ്രദേശത്തേക്ക് പോകുകയും അങ്ങനെ മുസ്‌ലിംകൾക്ക് മുകളിൽ നിന്ന് സിറിയയെ ആക്രമിക്കാനുള്ള വഴി തുറക്കുകയും ചെയ്തു. ഹദ്റത്ത് ഖാലിദ് ബിൻ വലീദിന് ഒരു മാസം മുഴുവൻ ഹിറാസിൽ താമസിക്കേണ്ടി വന്നു. ഇവിടെയും അദ്ദേഹം അസമാന്യധൈര്യവും സ്ഥിരചിത്തതയും പ്രകടിപ്പിച്ചു.

ഇറാഖിൽ അല്ലാഹുവിന്റെ പടവാളായ ഖാലിദ് നയിച്ചത് അദ്ദേഹത്തിന്റെ യുദ്ധത്തിന്റെ അവസാന കണ്ണിയായിരുന്നു. അതിനുശേഷം ഇറാനികളുടെ പ്രതാപം തകർന്നടിഞ്ഞു. പിന്നെ മുസ്‌ലിംകൾ ഭയപ്പെടേണ്ടതായ ഒരു സൈനികബലം അവർക്ക് ഉണ്ടായില്ല.

ഇറാഖ് അധിനിവേശം ഒരു വലിയ വിജയത്തിന്റെ അടയാളമായിരുന്നു. അവിടെ മുസ്‌ലിംകൾ അവരെക്കാൾ എണ്ണത്തിലും യുദ്ധസന്നാഹങ്ങളിലും വളരെ ശക്തരായ പേർഷ്യൻ സൈന്യത്തെ തുടർച്ചയായി പരാജയപ്പെടുത്തി. അക്കാലത്തെ ഏറ്റവും അപകടകാരിയായ സൈന്യമാണ് പേർഷ്യക്കാരുടേത് എന്നോർക്കണം. അബൂബക്കർ സിദ്ദീഖ്(റ)ന്റെ ഈ മഹത്തായ നേട്ടത്തിന് സമാനമായ ഒന്ന് ചരിത്രത്തിൽ കാണുകയില്ല. സൈനിക നീക്കങ്ങളിലൂടെയുള്ള വിജയങ്ങൾ ഹദ്റത്ത് ഖാലിദ് ബിൻ വലീദിനോടും കൂട്ടാളികളോടും കടപ്പെട്ടവരാണ് എന്നതിൽ സംശയമില്ല. എന്നാൽ ഈ വിജയങ്ങളും നേട്ടങ്ങളും നേടിയത് ഹദ്റത്ത് അബൂബക്കറിനെപ്പോലെയുള്ള ഒരു മഹാവ്യക്തിയുടെ തണലിൽ ആയിരുന്നുവെന്ന വസ്തുത നിഷേധിക്കാനാവില്ല. ഭരണത്തലവന്റെ വ്യക്തിപ്രഭാവവും സദ്ഗുണങ്ങളും സ്വാധീനിക്കാത്തപക്ഷം, തന്റെ കഴിവും വിശ്വസ്തതയും, ആത്മാർത്ഥതയും പ്രകടിപ്പിക്കാൻ ഒരു സൈന്യത്തിലെ സൈന്യാധിപനും കഴിയില്ലെന്ന് ചരിത്രം സാക്ഷ്യം വഹിക്കുന്നു. ഇസ്‌ലാമിക ചരിത്രത്തിൽ പ്രഥമ ഖലീഫയ്ക്ക് സുപ്രധാനമായ സ്ഥാനമുണ്ടെങ്കിലും, ഹദ്റത്ത് അബൂബക്കറിനെ പുറം നാടുകൾ കീഴടക്കാനും ലോകത്തിന്റെ രാഷ്ട്രീയവും മതപരവുമായ സ്ഥിതിക്ക് പുതിയ രൂപം നൽകാനും സഹായിച്ച സേനാധിപന്മാരിൽ ഒന്നാമനായിരുന്നു സയ്യിദ്നാ ഖാലിദ്. ഹദ്റത്ത് അബൂബക്കർ സിദ്ദീഖിന്റെ രാഷ്ട്രീയവും ആധ്യാത്മികവുമായ മാർഗത്തിലും സയ്യിദ്നാ ഖാലിദിന്റെ സൈനിക നേതൃത്വത്തിലും മുസ്‌ലിംകൾ കൊടുങ്കാറ്റായി ഇറാഖിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ ആഞ്ഞടിച്ചത് പോലെ, ഇപ്പോൾ അവർ മറ്റൊരു ഭരണകൂടത്തെ ആക്രമിക്കാൻ പോകുകയാണ്. കിഴക്കൻ റോം ആയിരുന്നു അത്. എന്തായാലും ഹദ്റത്ത് അബൂബക്കർ സിദ്ദീഖിന്റെ കാലത്തിന്റെ ഒരു ചെറിയ ഭാഗം ഇനിയും ഉണ്ട്. അത് പിന്നീട് കേൾപ്പിക്കുന്നതാണ്.

യു.കെ. അഹ്മദിയ്യാ ജമാഅത്തിന്റെ വാർഷിക സമ്മേളനം അടുത്ത വെള്ളിയാഴ്ച്ച ഇൻശാഅല്ലാഹ് ആരംഭിക്കുന്നതാണ്. ഈ ജൽസ എല്ലാ നിലയിലും അനുഗൃഹീതമാക്കുന്നതിനായി ദുആ ചെയ്യുക. ഇതിൽ പങ്കുചേരാൻ വരുന്നവരുടെ യാത്ര നല്ല നിലയിൽ സുഖകരമായിത്തീരട്ടെ. ഡ്യൂട്ടി ചെയ്യുന്നവർക്കു വേണ്ടിയും പ്രാർഥിക്കുക. അവരുടെ കർത്തവ്യങ്ങൾ കൃത്യമായി നിർവഹിക്കാനുള്ള കഴിവ് അല്ലാഹു തആല അവർക്ക് നൽകട്ടെ. രണ്ടു വർഷത്തെ, എന്നല്ല; മൂന്നു വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് വലിയ തോതിൽ ജൽസ നടക്കുന്നത്. അതിനാൽ കുറച്ച് പ്രയാസങ്ങൾ ഉണ്ടാകും. നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ ബുദ്ധിമുട്ടുകളും ഏത് സാഹചര്യത്തിലും ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകളും അല്ലാഹു ഇല്ലാതാക്കട്ടെ. ആമീൻ.

اَلْحَمْدُ لِلّٰهِ نَحْمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis (atba)**

at Mubarak Mosque, Islamabad, UK – on 29.07.2022

Malayalam Translation: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**